മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയുടെ (കാറ്റഗറി നമ്പർ 68/13) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിൽ ഡിസംബർ 26 മുതൽ ജനുവരി 8 വരെ ക്രമീകരിച്ചിരുന്ന ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്ക് നിർദ്ദിഷ്ട തീയതികളിൽ ഹാജരാകാതിരുന്ന ഉദ്യോഗാർത്ഥികൾക്കും / ഹാജരായ ദിവസങ്ങളിൽ പ്രമാണങ്ങൾ, പ്രൊഫൈൽ എന്നിവയിലെ ന്യൂനത നിമിത്തം വെരിഫിക്കേഷൻ പൂർത്തിയാക്കാൻ കഴിയാത്തവർക്കും ജനുവരി 12, 13 തീയതികളിൽ തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിൽ ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്ക് ഹാജരാകുന്നതിനുള്ള അറിയിപ്പ് രജിസ്റ്റേർഡ് തപാലിലും നേരിട്ടും നൽകിയിട്ടുണ്ട്. അറിയിപ്പ് ലഭിച്ചവർ അതത് തീയതിയിലും രജിസ്റ്റേർഡ് തപാലിലെ അറിയിപ്പ് ലഭിക്കാത്തവർ ജനുവരി 13 നും രാവിലെ 8 മണിക്ക് ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.